# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.09.2026**

### പ്രധാനവാർത്തകൾ

1. ഉത്തരവാദിത്വമുള്ള പൗരന്മാരായി വിദ്യാർഥികളെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ.

2. ഭിന്നശേഷിക്കാർക്കായി മലപ്പുറത്ത് സമഗ്ര പുനരധിവാസ ഗ്രാമം ഒരുങ്ങുന്നു; നിർമാണോദ്ഘാടനം തിരൂരിൽ നാളെ മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ നിർവഹിക്കും.

3. ജി എസ് ടി രണ്ടാം തലമുറ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട ദേശീയ സെമിനാറിനു നാളെ തിരുവനന്തപുരത്തു തുടക്കമാകും.

4. തൃശൂർ കയ്പമംഗലം അപകടത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാന ആഭ്യന്തരമന്ത്രിയുമായി ചർച്ച നടത്തി കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി; സുരക്ഷാ മുന്നൊരുക്കങ്ങൾ കൃത്യമായി പാലിച്ചില്ലെന്ന് കേന്ദ്ര സഹമന്ത്രി.

5. സംസ്ഥാനത്ത് ചൂടു വർധിക്കുന്നു; ചൊവ്വാഴ്ച വരെ 4 ഡിഗ്രി സെൽഷ്യസ് അധികമായി താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

RNU TVPM

6. ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസ് കിരീടം ഇന്ത്യയുടെ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യത്തിന്.

&&&&&&&&&&&&&&&&&

<u>ഉപരാഷ്ട്രപതി - അസം-ഇൻട്രോ</u>

ഉത്തരവാദിത്വമുള്ള പൗരന്മാരായി വിദ്യാർഥികളെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. അസമിലെ ഗുവാഹാട്ടിയിൽ ഗീതാനഗർ കോളേജിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിൽ മാത്രമാകരുത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഗുണമേന്മയുള്ള വിദ്യാഭ്യാസം, ഗവേഷണം, സ്വഭാവ രൂപീകരണം എന്നിവ രാജ്യപുരോഗതിക്ക് അനിവാര്യമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(വോയ്സ് -ഉപരാഷ്ട്രപതി )

RNU TVPM

&&&&&&&&&&&&&&&&&

<u>അമിത് ഷാ - ലഹരിമുക്ത കർമ്മരേഖ</u>

രാജ്യത്തെ 2029 ഓടെ ലഹരിമുക്തമാക്കുമെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഇതിനായി മൂന്ന് വർഷത്തെ കർമ്മരേഖയും അദ്ദേഹം അവതരിപ്പിച്ചു. ഗോവയിൽ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷത്തിനിടെ, 1.89 ലക്ഷം കോടി രൂപയുടെ മയക്കുമരുന്ന് പിടിച്ചെടുത്തതായി ശ്രീ അമിത് ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&

## സമഗ്ര ഭിന്നശേഷി ഗ്രാമം

സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സമഗ്ര ഭിന്നശേഷി പുനരധിവാസ ഗ്രാമത്തിന്റെ നിർമാണോദ്ഘാടനം നാളെ മന്ത്രി വി. ഇ. അബ്ദുൽ ഗഫൂർ നിർവഹിക്കും. മലപ്പുറം തിരൂർ താലൂക്കിലെ പുത്തനത്താണി ചുങ്കത്ത് അഞ്ചേക്കറിലാണ് ഭിന്നശേഷി പുനരധിവാസ കേന്ദ്രം യാഥാർഥ്യമാകുന്നത്. ഭിന്നശേഷിക്കാർക്ക് ആവശ്യമായ പുനരധിവാസ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനുള്ള സമഗ്ര സംരംഭം എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&&&

## ജി എസ് ടി-സെമിനാർ

ചരക്ക് സേവന നികുതി രണ്ടാം തലമുറ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിനു നാളെ തിരുവനന്തപുരത്തു തുടക്കമാകും. ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ സഹകരണത്തോടെ തിരുവനന്തപുരം ഗിഫ്റ്റ് കാമ്പസിലാണ് സെമിനാർ. മറ്റന്നാൾ മുഖ്യമന്ത്രി വി ഡി സതീശൻ സെമിനാർ ഉദ്ഘാടനം ചെയ്യും.

RNJTVPM

&&&&&&&&&&&&&&&&&

## കയ്പമംഗലം - സുരേഷ് ഗോപി

തൃശൂർ കയ്പമംഗലം അപകടത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാന ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുമായി ചർച്ച നടത്തി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. രാത്രികാലങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ റോഡുകളിൽ പ്രത്യേക പട്രോളിങ് നടത്തുമെന്ന് ആഭ്യന്തര മന്ത്രി ഉറപ്പുനൽകിയതായി കേന്ദ്ര സഹമന്ത്രി പറഞ്ഞു. സ്ഥലത്തു കൃത്യമായ

ബോർഡുകൾ സ്ഥാപിച്ചിരുന്നില്ലെന്നും സുരക്ഷാ മുന്നൊരുക്കങ്ങൾ കൃത്യമായി പാലിച്ചില്ലെന്നും ശ്രീ സുരേഷ് ഗോപി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## വാഹനാപകടം: മനുഷ്യാവകാശ കമ്മീഷൻ

അപകടത്തിന്റെ കാരണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ദേശീയപാതാ അതോറിറ്റി പ്രോജക്റ്റ് ഡയറക്ടറും തൃശൂർ RTO-യും രണ്ടാഴ്ചയ്ക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി. ഗീത ആവശ്യപ്പെട്ടു. ചരക്കുലോറികളുടെ അനധികൃത പാർക്കിംഗും ദേശീയപാതാ അതോറിറ്റി കൃത്യമായ സൂചനാ ബോർഡുകൾ സ്ഥാപിക്കാത്തതുമാണ് അപകട കാരണമെന്ന ആരോപണം പ്രത്യേകം അന്വേഷിക്കണമെന്നും നിർദ്ദേശമുണ്ട്.

RJU TVPM

&&&&&&&&&&&&&&&&&

## ചൂട് - മുന്നറിയിപ്പ്

സംസ്ഥാനത്ത് ചൂട് വീണ്ടും വർധിക്കുന്നു. സെപ്റ്റംബറിൽ സാധാരണയിലധികം ചൂടിനു കാരണമാകുന്നത് എൽനിനോ പ്രതിഭാസമാണെന്നു പഠനങ്ങൾ പറയുന്നു. ചൊവ്വാഴ്ച വരെ, 4 ഡിഗ്രി സെൽഷ്യസ് അധികമായി താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ചൂട് വർധിക്കുന്നത് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. പകൽ 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത്

ഒഴിവാക്കണമെന്നും, ദാഹമില്ലെങ്കിലും വെള്ളം കുടിക്കണമെന്നും നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&

<u>പത്തനംതിട്ട - താപനില - ഇൻട്രോ</u>

പത്തനംതിട്ട ജില്ലയിലും താപനില ഉയരുന്നത് ആശങ്കയ്ക്ക് ഇടയാക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.........

(വോയിസ്)

RAJU TVPM

&&&&&&&&&&&&&&&&&

<u>ഉപതിരഞ്ഞെടുപ്പ്</u>

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമ നിർദ്ദേശ പത്രിക സമർപ്പണം ഈ മാസം 10 ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന തൊട്ടടുത്ത ദിവസം നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 14 ആണ്. 28 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29 ന് നടക്കും.

&&&&&&&&&&&&&&&&&

<u>മന്ത്രി . N ഷംസുദ്ദീൻ - സ്കൂൾ കായികമേള</u>

68-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് കോഴിക്കോട് വേദിയാകുമെന്നു വിദ്യാഭ്യാസമന്ത്രി N ഷംസുദ്ദീൻ.

കായികമേളയുടെ സംഘാടക സമിതി രൂപീകരണ യോഗം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അടുത്ത മാസം 25 മുതൽ 31 വരെ ഏഴ് ദിവസങ്ങളിലായാണ് മേള. കലാമേള എറണാകുളത്തും ഭിന്നശേഷി കലോത്സവം തിരുവനന്തപുരത്തും നടത്തുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

<u>പാലക്കാട് - ഡോക്ടർ സമരം അവസാനിച്ചു - ഇൻട്രോ</u>

പാലക്കാട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ ഹൗസ് സർജൻമാർ നടത്തിവന്ന സമരം അവസാനിപ്പിച്ചു. ഡോക്ടർമാർ ഉന്നയിച്ച ആവശ്യങ്ങളിൽ നടപടികൾ സ്വീകരിച്ചതായി മെഡിക്കൽ കോളേജ് അധികൃതർ അറിയിച്ചതിനെ തുടർന്നാണ് സമരം അവസാനിപ്പിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

(വോയിസ്)

RNUTVPM

&&&&&&&&&&&&&&&&&

<u>ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ</u>

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസ് കിരീടം ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി–ചിരാഗ് ഷെട്ടി സഖ്യത്തിന്. ഫൈനലിൽ ചൈനീസ് സഖ്യത്തെയാണ് ഇന്ത്യൻ താരങ്ങൾ പരാജയപ്പെടുത്തിയത്. ഇതോടെ ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ ഇന്ത്യയുടെ ആദ്യ കിരീടം എന്ന നേട്ടവും സാത്വിക്–ചിരാഗ് സഖ്യം സ്വന്തമാക്കി.

&&&&&&&&&&&&&&&&&

## ക്ഷയരോഗമുക്ത പഞ്ചായത്ത് - ബിന്ദു കൃഷ്ണ

ക്ഷയരോഗ നിവാരണ രംഗത്ത് ആരോഗ്യവകുപ്പിന്റെ പ്രവര്‍ത്തനം മാതൃകാപരമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. കൊല്ലം ജില്ലയിലെ 'ക്ഷയരോഗമുക്ത പഞ്ചായത്ത്' പുരസ്കാര വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചിതറ, നിലമേല്‍, നീണ്ടകര, കുണ്ടറ, പേരയം, പൂതക്കുളം, മയ്യനാട്, ക്ലാപ്പന, ശൂരനാട് എന്നീ ഗ്രാമ പഞ്ചായത്തുകള്‍ വിവിധ പുരസ്കാരങ്ങള്‍ ഏറ്റുവാങ്ങി.

&&&&&&&&&&&&&&&&&

## മന്ത്രി കെ. എ. തുളസി

കോഴിക്കോട് മരുതോങ്കര മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂള്‍ നേരിടുന്ന അടിസ്ഥാനസൗകര്യ വികസന പ്രശ്നങ്ങള്‍ അടിയന്തരമായി പരിഹരിക്കുമെന്ന് മന്ത്രി കെ. എ. തുളസി. വിദ്യാര്‍ത്ഥികളുടെ പഠനത്തിന് ആവശ്യമായ കമ്പ്യൂട്ടര്‍ സംവിധാനം ഉടന്‍ ഏര്‍പ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&

## നെറ്റ് പരീക്ഷ

ഇംഗ്ലീഷ്, കോമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങളില്‍ യുജിസി NET പുനഃപരീക്ഷ ഈ മാസം 9നും 10നും നടക്കും. 9-ാം തീയതി രാവിലെ 9 മണിക്കാരംഭിക്കുന്ന ആദ്യ ഷിഫ്റ്റില്‍ ഇംഗ്ലീഷും ഉച്ചയ്ക്ക് മൂന്നിന് ആരംഭിക്കുന്ന രണ്ടാം ഷിഫ്റ്റില്‍ കോമേഴ്സും 10-ാം തീയതിയിലെ ആദ്യ ഷിഫ്റ്റില്‍ സോഷ്യോളജിയും ക്രമീകരിച്ചിട്ടുണ്ട്. ugcnet.nta.nic.in എന്ന

വെബ്സൈറ്റിൽനിന്ന് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം.

**&&&&&&&&&&&&&&&&&**
**&&&&&&&&&&&**
**&&&&**

RNU TVPM